**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2316** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂരിലെ ഒൻപതാം ക്ലാസുകാരനായ വിദ്യാർത്ഥി തന്നെ ലഹരിമരുന്നിന് അടിമയാക്കുകയും ലൈംഗീകമായി പീഡിപ്പിക്കുകയും ചെയ്തുവെന്ന ഇരയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് അതീവ ഗൗരവമായി കണ്ടു തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ ലഹരി ഉപയോഗം മൂലം വിദ്യാർത്ഥികളുടെ ഇടയിൽ ഉണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ? | (ബി) | ലഹരി ഉപയോഗം മൂലം വിദ്യാർത്ഥികളുടെ ഇടയിൽ ഉണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതാണ്. സ്കൂളുകളിൽ എക്സൈസ് വകുപ്പിന്റെ മേൽ നോട്ടത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ക്രമമായ ഇടവേളകളിൽ കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസുകൾ നൽകിവരുന്നു. കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികൾക്ക് വിമുക്തി ഡീ-അഡിക്ഷൻ കേന്ദ്രങ്ങളിൽ കൗൺസിലിംഗിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ പരിസരത്ത് ലഹരി വ്യാപനം കണ്ടെത്തുന്നതിനായി രഹസ്യ നിരീക്ഷണവും പട്രോളിംഗും നടത്തുകയും മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. സ്കൂളിന് പുറത്തുള്ളവരുടെ ഇടപെടൽ ഒഴിവാക്കുന്നതിന് സ്കൂൾ പരിസരങ്ങളിൽ എക്സൈസ് വകുപ്പിന്റെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. സ്കൂളുകളിൽ അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും, വിദ്യാർത്ഥികളുടെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റു മേഖലകളിൽ |

| | | | |
|---|---|---|---|
| | | | കൂടി വിനിയോഗിക്കുന്നതിനുമായി "ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ